# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ ഓർമ്മപ്പെരുന്നാൾ സപ്ലിമെന്റ് | 2006 ജൂലൈ 12 | പേജ് 2

**മുഖലേഖനം**

## ഭവിഷ്യ കാലത്തെ കൈപിടിച്ചു നടത്തിയ മഹാനുഭാവൻ

മഹാത്മാക്കളെ വിലയിരുത്തുമ്പോൾ ചരിത്രത്തിന്റെ ഗതി തിരിച്ചുവിട്ടവർ, ചരിത്രത്തെ സ്വാധീനിച്ചവർ, ചരിത്രത്തോടൊപ്പം നടന്നവർ എന്നിങ്ങനെയെല്ലാം വിശേഷിപ്പിക്കാറുണ്ട്. ദീവന്നാസ്യോസ് V എന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താക്ക് ഈ വിശേഷണങ്ങളെല്ലാം അപ്രസക്തങ്ങളാണ്. കാരണം അദ്ദേഹം ഭാവി ചരിത്രത്തെ കൈപിടിച്ചു നടത്തിയ ഒരു അതിമാനുഷനായിരുന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം വരെയുള്ള കാലഘട്ടം ആഗോളതലത്തിൽ നിരവധി തേജോഗോളങ്ങളുടെ ജന്മത്താലും ജീവിതത്താലും ധന്യമായി. ഇന്ത്യയും കേരളവും ഈ പ്രതിഭാസത്തിൽ നിന്നും വിമുക്തമായിരുന്നില്ല. ഈ കാലഘട്ടത്തിൽ മലങ്കര സഭക്ക് ലഭിച്ച നിരവധി വരദാനങ്ങളിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ പ്രഥമഗണനീയനാണ്. പ. പരുമല തിരുമേനി, പ. വട്ടശ്ശേരിൽ തിരുമേനി, പ. വള്ളിക്കാട്ട് ബാവാ, പ. കല്ലാശ്ശേരിൽ ബാവാ മുതലായ അതിശ്രേഷ്ഠരായ മേല്പ്പട്ടക്കാരും കോനാട്ട് മാത്തൻ മല്പാൻ, ചെറിയ മഠത്തിൽ സ്കറിയാ മല്പാൻ, മട്ടക്കൽ അലക്സന്ത്രോസ് മല്പാൻ എന്നിങ്ങനെയുള്ള വൈദിക ശ്രേഷ്ഠന്മാരും കെ. സി. മാമ്മൻ മാപ്പിള, ഇലഞ്ഞിക്കൽ ജോൺ വക്കീൽ, റാവുസാഹിബ്, ഒ. എം. ചെറിയാൻ, കന്നുകുഴിയിൽ കുരുവിള എൻജിനിയർ, എം. എ. ചാക്കോ മുതലായ അൽമായ നേതാക്ക ളുമെല്ലാം ഈ കാലഘട്ടത്തിന്റെ സംഭാവനകളാണ്. എന്നാലിവർക്കെല്ലാം മുൻപെ നടന്ന് നിരവധി സരണികൾ വെട്ടിത്തുറന്ന് സഭയുടെ സർവ്വോന്മുഖമായ വളർച്ചക്ക് വഴിയൊ രുക്കിയത് പുലിക്കോട്ടിൽ തിരുമേനിയുടെ ഭാവികാലത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചയും ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളുമായിരുന്നു.

കാലത്തിന്റെ പ്രയാണത്തിൽ സഭക്ക് നഷ്ടപ്പെട്ട അനേകം സദ്ഗുണങ്ങളിൽ പെടുന്നവയാണ് ഭാവിയെക്കുറിച്ചുള്ള ഉൾക്കാഴ്ചയും ദീർഘവീഷണവും. അതുകൊണ്ടു തന്നെയായിരിക്കണം പുലിക്കോട്ടിൽ തിരുമേനിയുടെ സ്മരണ സഭയുടെ മുൻഗണനാക്രമത്തിൽ വളരെ താഴേക്ക് പോയിരിക്കുന്നതും. ഉടനെ ഫലം തരുന്ന കാര്യങ്ങളിൽ മാത്രം വ്യാപൃതരാകുവാനും ഭാവിയെക്കുറിച്ച് ചിന്തിക്കാതിരിക്കുന്നതും മുഖമുദ്രയാക്കിയ സഭയ്ക്ക് പുലിക്കോട്ടിൽ തിരുമേനിയുടെ മൂല്യങ്ങൾ ഉൾക്കൊള്ളാൻ സാധിക്കാതെ വരുന്നത് സ്വാഭാവികം മാത്രമാണ്. സമ്പത്ത് കൂട്ടിവെക്കാനുള്ളതല്ലെന്നും ഭാവിയിലുപയുക്തമാകുന്ന കാര്യങ്ങൾക്ക് ബുദ്ധിപൂർവ്വം വിനിയോഗിക്കാനുള്ളതാണെന്നുമുള്ള വിശ്വാസപ്രമാണം ഇന്ന് സ്വീകാര്യതയില്ലാത്ത ഒന്നാണ്. "കൈയിലെ കാശ് വായിലെ ദോശ" എന്ന തത്വശാസ്ത്രം മാത്രമാണ് ഇന്നത്തെ സമൂഹത്തെ മുന്നോട്ട് നയിക്കുന്നത്. സഭയും അതിൽ നിന്ന് വിഭിന്നമല്ല. അപ്പോൾ ജീവിതകാലം മുഴുവൻ, ഒരേസമയം കുബേരനും അതേസമയം കുചേലനുമായി ജീവിച്ചു തീർത്ത പുലിക്കോട്ടിൽ തിരുമേനിയുടെയും അതുപോലെയുള്ള പല മഹദ് വ്യക്തിത്വങ്ങളുടെയും മഹത്വം ആദരിക്കപ്പെടാതെ പോകുന്നത് തികച്ചും സ്വാഭാവികം.

മലങ്കരസഭയ്ക്ക് അതുവരെ അന്യമായിരുന്ന സന്യാസ പ്രസ്ഥാനത്തിന് വെട്ടിക്കൽ കുരിശുപള്ളിയെ ദയറായായി രൂപാന്തരപ്പെടുത്തി ആരംഭം കുറിച്ച അതേ വ്യക്തി, എം. ഡി. സെമിനാരിയെ കടബാദ്ധ്യതയിൽ നിന്നും കരകയറ്റുവാൻ വിജയകരമായി ഒരു ലോട്ടറി നടത്തുകയും ചെയ്തു എന്ന് പറയുമ്പോൾ ആ ബഹുമുഖ പ്രതിഭയുടെ വ്യാപ്തിയുടെ മുന്നിൽ ആരും തല കുനിച്ചു പോകും. പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ ദ്രവ്യാഗ്രഹത്തെ ചതുരുപായങ്ങളാൽ നേരിടുമ്പോൾ തന്നെ, പ്രതിസന്ധിഘട്ടങ്ങളിൽ രാവിലെ മുതൽ വൈകുന്നേരം വരെ സെമിനാരി ചാപ്പലിന്റെ മദ്ബഹായിൽ കവിന്നു വീണ് പ്രാർത്ഥിക്കുന്നതും ഒരേ വ്യക്തിത്വത്തിന്റെ രണ്ടു ഭാവങ്ങൾ മാത്രമാണ്. പരുമല തിരുമേനി തന്റെ മേലധികാരിയായി മാർ ദീവന്നാസ്യോസ് അഞ്ചാമനെ അംഗീകരിച്ചതും അപ്രകാരം കോടതിയിൽ മൊഴി നൽകിയതും സ്വന്തം ബോദ്ധ്യത്താൽ മാത്രമാണ്. പത്രോസ് തൃതീയൻ പാത്രിയർക്കീസ് നൽകിയ സ്താത്തിക്കോനിൽ വേണ്ടതിലേറെ ഒഴിവുകളുണ്ടായിട്ടും കടവിൽ മെത്രാച്ചനൊഴികെ മറ്റ് അഞ്ചു മെത്രാന്മാരും മാർ ദീവന്നാസ്യോസ് അഞ്ചാമനെ തങ്ങളുടെ വലിയ മെത്രാപ്പോലീത്തായായി സ്വീകരിച്ചത് ആ വ്യക്തിത്വത്തിന്റെ അതുല്യമായ പ്രഭ മൂലമായിരുന്നു. ഇന്ന് വ്യക്തമായ മേലധികാരമുള്ള സഭാതലവന്മാരെ ധിക്കരിക്കുന്ന മെത്രാപ്പോലീത്താമാരുടെ കാലത്ത് അനതിവിദൂരമല്ലാത്ത ഒരു കാലത്ത് അപ്രകാരം സംഭവിച്ചു എന്നത് വിശ്വസിക്കുവാൻ പ്രയാസമുള്ള ഒന്നാണ്!

ഇന്ന് അന്യം നിന്നു പോയിരിക്കുന്ന പല മൂല്യങ്ങളെയും പ്രതിനിധാനം ചെയ്യുന്ന ഇത്തരം മഹദ് വ്യക്തിത്വങ്ങളെന്ന ഉരകല്ലിൽ ഉരച്ചു നോക്കിയാൽ പല സമകാലീന മുക്കുപണ്ടങ്ങളുടെയും ചെമ്പു തെളിഞ്ഞുവരും.

# പുലിക്കോട്ടിൽ രണ്ടാമനെ 'മലങ്കരസഭാരത്ന'മായി പ്രഖ്യാപിക്കണം: അൽമായവേദി

കോട്ടയം: പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കരസഭയ്ക്കു നൽകിയ സമഗ്ര സംഭാവനകളെ പരിഗണിച്ച് അദ്ദേഹത്തെ "മലങ്കര സഭാ രത്ന"മായി പ്രഖ്യാപിക്കണമെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ. സുന്നഹദോസിനോട് അഭ്യർത്ഥിച്ചു.

ആധുനിക മലങ്കരസഭയ്ക്ക് ആത്മികമായും ലൗകികമായും അടിത്തറയിട്ട പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമന് ഉചിതമായ സ്മാരകം നിർമ്മിക്കണം.

32-ാം വയസിൽ മേല്പട്ടസ്ഥാനമേറ്റ ആ തന്ത്രജ്ഞന്റെ ചരമ ശതാബ്ദി വർഷമാണ് 2009. ആ വർഷം അദ്ദേഹത്തിന്റെ സ്മരണാ വർഷമായി പ്രഖ്യാപിക്കണം. ജീവിതത്തിന്റെ സമസ്ത മേഖലകളിലും കൈവെച്ചു വിജയിച്ച മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ സമഗ്ര സംഭാവനകളെപ്പറ്റി വിശദമായ പഠനം നടത്തണം. അതിനായി സെമിനാറുകൾ സംഘടിപ്പിക്കുകയും സ്മാരക ഗ്രന്ഥം പ്രസിദ്ധീകരിക്കുകയും വേണം - അൽമായവേദി ആവശ്യപ്പെട്ടു.

പഴയ സെമിനാരി മലങ്കരസഭയ്ക്കു വീണ്ടും നേടിത്തന്ന ഈ യുഗപ്രഭാവന്റെ പേരിൽ അവിടെ ഒരു പ്രസ്ഥാനവും നിലവിലില്ല. ചരിത്ര പ്രസിദ്ധമായ സെമിനാരി നാലുകെട്ട് സഭയുടെ കേന്ദ്ര മ്യൂസിയമാക്കണമെന്നും അതിന് മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ പേരിടണമെന്നും, നാലുകെട്ടിലെ അനധികൃത കൈവശക്കാരെ ഒഴിപ്പിക്കണമെന്നും, സെമിനാരി കെട്ടിടം കുത്തിപ്പൊളിച്ച് വികൃതമാക്കരുതെന്നും അൽമായവേദി ആവശ്യപ്പെട്ടു.

# അവിടുത്തെ മജലീസും ഇവിടുത്തെ മജലീസും

**എം. കുര്യൻ തോമസ്**

മലങ്കരസഭയെന്നല്ല, കേരളം ഇതഃപര്യന്തം കണ്ടിട്ടുള്ള കുശാഗ്രബുദ്ധികളിൽ അഗ്രഗണ്യനാണ് പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ. ആധുനിക മലങ്കരസഭയുടെ ആത്മികവും ലൗകികവുമായ വളർച്ചയ്ക്ക് അടിസ്ഥാനമിട്ട ഈ അതിമാനുഷന്റെ ദീർഘവീക്ഷണം മൂലമാണ് അന്ത്യോഖ്യാ പാത്രിയർക്കീസിനെ ഒരു പരിധി വരെയെങ്കിലും പടിക്കു പുറത്തുനിർത്താൻ സാധിക്കുന്നത്.



പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് V മലങ്കര മെത്രാപ്പോലീത്താ

പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ് തിരഞ്ഞെടുപ്പു കൂടാതെ ശീമയിൽ പോയി അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും മേല്പട്ടസ്ഥാനം ഏറ്റതും, പിന്നീട് രാജകീയ വിളംബരം വാങ്ങി മലങ്കര മെത്രാപ്പോലീത്തയായതുമാണ് മലങ്കരസഭയിൽ അന്ത്യോഖ്യൻ അധിനിവേശം അവകാശപ്പെടാനുള്ള സാഹചര്യം സൃഷ്ടിച്ചത്.

മാർ മാത്യൂസ് അത്താനാസ്യോസിന്റെ പാർശ്വവർത്തികളുടെ നവീകരണപ്രേമം ഭഗ്നാശരാക്കിയ നസ്രാണികളിൽ ഭൂരിപക്ഷം തിരഞ്ഞെടുത്ത ഇട്ടൂപ്പ് കത്തനാർക്ക് മേല്പട്ടം സ്വീകരിക്കുവാൻ അന്നത്തെ സാഹചര്യത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസിനെ ആശ്രയിക്കുകയല്ലാതെ മറ്റു മാർഗ്ഗമൊന്നുമില്ലായിരുന്നു. അദ്ദേഹം മടങ്ങിയെത്തി *മലങ്കര സിംഹാസനത്തിന്* അവകാശവാദം ഉന്നയിച്ചു. ഇരുവിഭാഗവും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൈവെപ്പ് തങ്ങളുടെ അവകാശവാദത്തിനു ഉപോൽബലകമായി എടുത്തു കാട്ടി. ഇതും ചേപ്പാട്ട് മാർ ദീവന്നാസ്യോസ് നാലാമൻ സ്ഥാനമൊഴിഞ്ഞതുമുതൽ കേരളത്തിലുണ്ടായിരുന്ന പരദേശി മെത്രാൻ യൂയാക്കിം കൂറിലോസിന്റെ പഠിപ്പിക്കലുകളും അന്ത്യോഖ്യാ പാത്രിയർക്കീസിന് ഇവിടെ *എന്തോ* അധികാരമുണ്ടെന്നു വിചാരിക്കാനും അവകാശപ്പെടാനുമുള്ള അവസരമുണ്ടാക്കി.

മാർ ദീവന്നാസ്യോസ് പഞ്ചമന് ഈ അപകടം നന്നായി അറിയാമായിരുന്നു. പ്രത്യേകിച്ചും തന്റെ വാഴ്ചയും അതിനുശേഷമുള്ള മലങ്കര പ്രവേശനവും തടയാൻ യൂയാക്കിം കൂറിലോസ് നടത്തിയ ശ്രമങ്ങളുടെ പശ്ചാത്തലത്തിൽ. പക്ഷേ നവീകരണക്കാരുമായുള്ള വ്യവഹാരത്തിന്റെ പശ്ചാത്തലത്തിൽ നിശബ്ദത പാലിക്കുക മാത്രമായിരുന്നു അദ്ദേഹത്തിനു കരണീയം. യൂയാക്കീം കൂറിലോസിന്റെ തുറന്ന എതിർപ്പും പാത്രിയർക്കീസിനാലുള്ള വാഴ്ചയെപ്പറ്റി എതിർപക്ഷത്തിന്റെ അവകാശവാദവുമാണ് പത്രോസ് തൃതീയൻ പാത്രിയർക്കീസിനെ കേരളത്തിലേക്കു ക്ഷണിക്കാൻ മാർ ദീവന്നാസ്യോസ് പഞ്ചമനെ നിർബന്ധിതനാക്കിയത്.

കേരളം കണ്ട ആദ്യ അന്ത്യോഖ്യാ പാത്രിയർക്കീസായ പത്രോസ് തൃതീയനാകട്ടെ, മലങ്കരയിൽ തന്റെ ലൗകീകാധികാരം ഉറപ്പിക്കാനുള്ള ശ്രമമാണ് നടത്തിയത്. ഏകപക്ഷീയമായി മലങ്കരയെ ഏഴിടവകയാക്കി തിരിച്ചു. രജിസ്റ്റർ ഉടമ്പടി വാങ്ങി മെത്രാന്മാരെ വാഴിച്ചു. ലൗകീകാധികാരം സമ്മതിച്ച് ഉടമ്പടി കൊടുക്കാൻ വിസമ്മതിച്ച മാർ ദീവന്നാസ്യോസ് പഞ്ചമനെ ദുർബലപ്പെടുത്താൻ തന്നാലാവുന്നതെല്ലാം പാത്രിയർക്കീസ് ചെയ്തു. മാർ ദീവന്നാസ്യോസ് ആകട്ടെ സമ്മർദ്ദങ്ങൾക്കൊന്നും വഴങ്ങുകയോ ഉടമ്പടി കൊടുക്കുകയോ ചെയ്തില്ല. ഇ. എം. ഫിലിപ്പിന്റെ ഭാഷയിൽ, *ഉടമ്പടി ആവശ്യപ്പെട്ടു. പറ്റുകയില്ലായെന്നു തീർത്തു പറഞ്ഞു. പാത്രിയർക്കീസ് അങ്ങു പോയി.*

ഇതിനിടയിൽ 1889-ൽ തിരുവിതാംകൂർ റോയൽ കോടതി പാത്രിയർക്കീസിനു മലങ്കരയിൽ ലൗകീകാധികാരമില്ലെന്നു വിധിച്ചത് പാത്രിയർക്കീസിന് ഇരുട്ടടിയായി. ആ വിധിക്കു പിന്നിലും മാർ ദീവന്നാസ്യോസാണെന്നു പാത്രിയർക്കീസ് ആരോപിക്കുകയും അദ്ദേഹത്തിനു *അരമുടക്ക്* സമ്മാനിക്കുകയും ചെയ്തു. പാത്രിയർക്കീസ് ആവർത്തിച്ചാവശ്യപ്പെട്ടിട്ടും മാർ ദീവന്നാസ്യോസ് അദ്ധ്യക്ഷനായിരിക്കുന്ന മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി ലൗകീകാധികാരം സമ്മതിച്ച് ഉടമ്പടി കൊടുക്കാൻ വിസമ്മതിച്ചു.

ലൗകീകാധികാരവാദം ഇപ്രകാരം കലാശിച്ചെങ്കിലും പാത്രിയർക്കീസിന് പൊതുവായ ആത്മീയ മേലധികാരമുണ്ടെന്നു സമ്മതിക്കേണ്ടി വന്നു. പിന്നീട് റോയൽകോടതി വിധിയിലും ശരി വയ്ക്കപ്പെട്ട ഈ അധികാരം മലങ്കരയുടെ സമ്മതം കൂടാതെ ഒരിക്കലും ഉപയോഗിക്കാനാവാത്തവിധം ഒരു കുരുക്ക് മാർ ദീവന്നാസ്യോസ് പഞ്ചമൻ 1876-ൽ മുളന്തുരുത്തി സുന്നഹദോസിൽ ശാശ്വതമായി മുറുക്കി. അത് സുന്നഹദോസ് കാനോനായുടെ അന്ത്യഭാഗത്തെ പാത്രിയർക്കാ *സിംഹാസനത്തിന് അവിടുത്തെ മജലീസിനും ഇവിടുത്തെ മജലീസിനും തുല്യ അവകാശവും സംബന്ധവുമുണ്ട്* എന്ന പരാമർശനമാണ്.

മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനാകൾ ആ സുന്നഹദോസിന്റെ മാത്രം സൃഷ്ടിയോ പാത്രിയർക്കീസിന്റെ സംഭാവനയോ അല്ല. 1873-ൽ മാർ ദീവന്നാസ്യോസ് പഞ്ചമൻ വിളിച്ചുകൂട്ടിയ പരുമല സുന്നഹദോസിന്റെ കാനോനാകൾ ഏതാണ്ട് അതേ രൂപത്തിൽ മുളന്തുരുത്തിയിൽ പാസാക്കുകയാണ് ചെയ്തത്. എന്നാൽ മുകളിൽ പറഞ്ഞ പരാമർശനം പരുമല കാനോനാകളിൽ ഇല്ലാത്തതും മുളന്തുരുത്തി സുന്നഹദോസിൽ പുതുതായി കൂട്ടിച്ചേർത്തതുമാണ്.

സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം പാത്രിയർക്കീസിന് എന്തൊക്കെയോ അധികാരങ്ങളുണ്ടെന്നു മുളന്തുരുത്തി കാനോനാകളിൽ സമ്മതിക്കേണ്ടി വന്നു. അപ്രകാരം നടത്തിയ സമ്മതത്തിനു തടയിടാനാവണം മാർ ദീവന്നാസ്യോസ് ഈ കാനോനാ തന്ത്രപൂർവ്വം മുളന്തുരുത്തി കാനോനാകളിൽ കടത്തിവിട്ടത്. പ്രത്യേകിച്ചും ഓരോ കാനോനായും ചാത്തുരുത്തി ഗീവർഗീസ് റമ്പാൻ, കോനാട്ട് ഗീവർഗീസ് റമ്പാൻ എന്നിവരെക്കൊണ്ട് ഉടൻ പരിഭാഷപ്പെടുത്തി പാ

*(ശേഷം 2-ാം പേജിൽ)*

### മാർ ദീവന്നാസ്യോസ്

**കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള**

അനുദിനവും ശുഭ-
മാർന്നാബൂൻ!* വാഴുക.

1

മലങ്കരയ്ക്കീശ! - അലംകൃതാചാര്യ!
മാർ ദീവന്നാസ്യോസ് മെത്രാ-പ്പോലീ-
ത്താ! മേലിൽ - ശുഭമാർന്നാബൂൻ! വാഴുക

2.

കാടലഞ്ഞോരീ-യാടുകൾക്കായി
തേടിയയച്ചോരിടയനായു-ള്ളോവേ!
നല്ലോവേ! - ശുഭമാർന്നാബൂൻ! - വാഴുക...

3.

അൻപതിറ്റാണ്ടേ-ക്കാളുവാൻ മേലും
ആയുരാരോഗ്യ സൗഖ്യങ്ങൾ-ദൈവം
തന്നേവം-ശുഭമാർന്നാബൂൻ! - വാഴുക...

** ആബൂൻ - പിതാവു (സുറിയാനി)*

**സെക്രട്ടറി എഴുതുന്നു**

# പുലിക്കോട്ടിൽ തിരുമേനിയുടെ വിദ്യാഭ്യാസ രംഗത്തെ ഇടപെടലുകൾ

വിദ്യാഭ്യാസ രംഗത്ത് മൗലികമായ മാറ്റങ്ങൾ നടക്കുന്ന ഈ കാലഘട്ടത്തിൽ പുലിക്കോട്ടിൽ തിരുമേനിയുടെ വിദ്യാഭ്യാസ രംഗത്തെ ഇടപെടലുകളെയും അത് സമൂഹത്തിൽ വരുത്തിയ അടിസ്ഥാനപരമായ മാറ്റങ്ങളെയും കുറിച്ച് ചിന്തിക്കുന്നത് പ്രസക്തമാണല്ലോ. സ്ഥാപിച്ച സ്കൂളുകളുടെ എണ്ണം ഇന്നത്തെ നിലവാരമനുസരിച്ചു തന്നെ അത്ഭുതാദരങ്ങളുണർത്തുന്നവയാണ്. മലങ്കരസഭയ്ക്ക് ഇരുന്നൂറിൽ താഴെ പള്ളികളുണ്ടായിരുന്നപ്പോൾ നൂറിലധികം മലയാളം പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ സാധിച്ചു എന്നത് ഏതൊരു മാനദണ്ഡമനുസരിച്ചു നോക്കിയാലും അത്ഭുതകരമാണ്. പഴഞ്ഞി ഇടവകയിലെ പട്ടക്കാരനായിരിക്കുമ്പോൾ സർക്കാരിൽ നിന്നും ഒരു പൈസ പോലും ധനസഹായമില്ലാതെ ചുറ്റുപാടുമുള്ള ദേശങ്ങളിൽ നാലു മലയാളം പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു തുടങ്ങിയ സപര്യ ആയു ഷ്ക്കാലം നീണ്ടുനിന്ന ഒന്നായിരുന്നു. വിദ്യാഭ്യാസ മേഖല ഇന്നത്തേത് പോലെ പണം വിതച്ച് നാൽപ്പതും അമ്പതും മേനി പണം കൊയ്യുന്ന ഒരു ബിസിനസ്സ് സംരംഭമായിരുന്നില്ല. ഇറക്കുന്ന പണം ഒരിക്കലും തിരിച്ചു വരില്ല എന്നു മാത്രമല്ല, വീണ്ടും വീണ്ടും പണമിറക്കേണ്ട ഒരു വൺവേ ട്രാഫിക്കായിരുന്നു. മോതിരവും അംശവടിയും പണയംവച്ചു സ്കൂളുക ളുടെ ആവശ്യങ്ങൾ നടത്തുക എന്നത് ഒരു പതിവ് സംഭവമായിരുന്നു. പ്രോട്ടസ്റ്റന്റുകാരുമായുള്ള വ്യവഹാരങ്ങൾ ഒരു വശത്തും പാത്രിയർക്കീസിന്റെ "പാരകൾ" മറുവശത്തും. സ്വതവേ തന്നെ ദരിദ്രമായ സഭയുടെ സാമ്പത്തിക നിലയും പട്ടിണി പോലും അപരിചിതമല്ലാത്ത നിലയും ഒക്കെയുള്ളപ്പോഴും ഭീമമായ തുകകൾ സ്കൂളുകൾ സ്ഥാപിക്കുവാനും നടത്തുവാനും വിനിയോഗിച്ചത് അസാധാരണമായ ദൂരക്കാഴ്ചയുടെയും ക്രാന്തദർശിത്വത്തിന്റെയും ഫലമായിട്ടായിരുന്നു.

കാർഷിക വ്യവസ്ഥിതിയിൽ നിന്നും അർദ്ധ-വ്യാവസായിക വ്യവസ്ഥിതിയിലേക്കുള്ള മാറ്റം കണ്ടറിഞ്ഞതിനാലാണ് വിദ്യാഭ്യാസത്തിനുള്ള ഈ ഊന്നൽ നൽകുവാൻ സാദ്ധ്യമായത്. സ്വന്തം സമുദായത്തിന്റെ മാത്രമല്ല, കേരള സമൂഹത്തിനു മുഴുവനുമുള്ള അഭ്യുന്നതി ഈ കാലഘട്ടത്തിലെ വിദ്യാഭ്യാസ വിപ്ലവത്തിലൂടെയാണുണ്ടായിരിക്കുന്നത്. മുണ്ടു മുറുക്കിയുടുത്ത് മക്കളെ പഠിപ്പിക്കുവാനുള്ള മാനസികാവസ്ഥ നസ്രാണിക്ക് സൃഷ്ടിക്കുകയും മറുവശത്ത് പഠിക്കുവാനുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുകയും ചെയ്തതു വഴി സമൂഹത്തിന്റെ ഭാവികാല അഭ്യുന്നതിക്ക് കാരണഭൂതനാവുകയാണ് താൻ എന്ന് അക്കാലത്ത് അദ്ദേഹമോ മറ്റുള്ളവരോ പൂർണ്ണ അർത്ഥത്തിൽ മനസ്സിലാക്കി കാണുവാൻ വഴിയില്ല. ഇന്നും സഭ അത് മനസ്സിലാക്കുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ല എന്നതാണ് ദയനീയമായ അവസ്ഥ.

ഇന്നും കേരളത്തിന്റെ ഏറ്റവും വലിയ വ്യവസായം വിദ്യാസമ്പന്നരായ മനുഷ്യരുടെ കയറ്റുമതിയാണെങ്കിൽ അത് സാദ്ധ്യമാക്കിയ വിദ്യാഭ്യാസ വിപ്ലവ ത്തിന്റെ മുന്നണി പോരാളി നിസ്സംശയമായും പുലിക്കോട്ടിൽ തിരുമേനിയായിരുന്നു. വിദ്യാഭ്യാസത്തിലൂടെ നസ്രാണി സമൂഹം നേടുന്ന അഭ്യുന്നതി മറ്റു സമുദായങ്ങളെയും ആ വഴിക്ക് ചിന്തിക്കുവാൻ പ്രേരിപ്പിക്കയും അതിലൂടെ കേരളത്തിന്റെ സമസ്ത മണ്ഡലങ്ങളെയും സ്പർശിക്കുന്ന ഒരു വലിയ നവോത്ഥാന പ്രസ്ഥാനത്തിന് രൂപം പ്രാപിക്കയും ചെയ്തു.

ഇതോടൊപ്പം ചേർത്തു ചിന്തിക്കേണ്ട മറ്റൊന്നു കൂടിയുണ്ട്. സമൂഹത്തിന്റെയും ജനത്തിന്റെയും ജീവിതത്തെയും ഭാവിയെയും കുറിച്ച് ആകുലപ്പെടുന്ന ഒരു നേതൃത്വത്തിന്റെ അഭാവം തന്നെയല്ലേ ഇന്നത്തെ സഭയുടെ പല പ്രശ്നങ്ങളുടെയും അടിസ്ഥാനം? ജനങ്ങളിൽ നിന്ന് പണം പിരിച്ച് ഫ്ളാറ്റു പണിയുകയും അതു വിൽക്കുമ്പോൾ വരുന്ന പണം എവിടേക്കു പോകുന്നു എന്ന് ആർക്കുമറിയാത്തവിധം ഗോപ്യമാക്കുകയും ചെയ്യുന്ന നിലയിലേക്ക് സഭയുടെ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ മാറുമ്പോൾ ഈ ചോദ്യം കൂടുതൽ പ്രസക്തമാകുന്നു. പുലിക്കോട്ടിൽ തിരുമേനി മോതിരവും അംശവടിയും പണയംവച്ചും പട്ടിണി കിടന്നും സ്ഥാപിച്ച പല വിദ്യാലയങ്ങളും പല പ്രമാണിമാരും കയ്യടക്കിയതും ചിലതെല്ലാം ഗവൺമെന്റിലേക്ക് എഴുതി കൊടുക്കേണ്ടി വന്നതുമെല്ലാം ചരിത്രത്തിന്റെ ഭാഗമാണ്. ഇന്നും സഭയുടെ മേൽവിലാസത്തിലാരംഭിക്കുന്ന പല സ്ഥാപനങ്ങളും ചിലരുടെ സ്വകാര്യ സ്വത്തായി മാറുന്ന തരത്തിൽ ട്രസ്റ്റ് - സൊസൈറ്റികളിലൂടെ നടത്തുന്ന തിരിമറികൾ അധികമാരുടെയും ശ്രദ്ധയിൽ പെടുന്നതായി കാണുന്നില്ല- ശ്രദ്ധയിൽ പെട്ടെങ്കിൽ തന്നെ അതിന് നടപടികളുണ്ടാകുന്നില്ല.

കഴിഞ്ഞ നൂറ്റാണ്ടുകളിൽ സഭാപിതാക്കന്മാർ നേടിയെടുത്ത സാമൂഹികവും ആദ്ധ്യാത്മികവുമായ നേതൃസ്ഥാനം ഇന്ന് നഷ്ടപ്പെടുന്നതിന്റെ കാരണം തേടി അധികം ഗവേഷണം ചെയ്യേണ്ടയാവശ്യമില്ല. ദൂരക്കാഴ്ചയില്ലായ്മയും ക്രാന്തിദർശിത്വരാഹിത്യവും ഉടൻ ഫലസിദ്ധിയെന്ന വ്യഗ്രതയും ഒക്കെ ചേരുന്ന ഒരു രാസപ്രക്രിയയാണ് അതിനു കാരണം. ഇതിനെപ്പറ്റി പുനർചിന്ത നമുക്കുണ്ടാകുവാൻ പുലിക്കോട്ടിൽ തിരുമേനിയുടെ പെരുന്നാൾ നിമിത്തമാകട്ടെ എന്ന് ആശിക്കാം.

# അച്ചനും കൊച്ചനും

**മാത്തുക്കുട്ടിച്ചായൻ**

**(പാത്രിയർക്കീസ് വിഭാഗത്തിലെ ഒരു വൈദികനും 'കേഫ'യിലെ അംഗമായ ഒരു കുട്ടിയുമായുള്ള നർമ്മ സംഭാഷണം)**

കൊച്ചൻ: അച്ചോ. പുലിക്കോട്ടിൽ ദീവന്നാസ്യോസ്സ് രണ്ടാമനെ നമ്മൾ പരിശുദ്ധനായി പ്രഖ്യാപിക്കുന്നു എന്ന് കേൾക്കുന്നു.

അച്ചൻ: പോടാ. അദ്ദേഹത്തെ പാത്രിയർക്കീസു ബാവാ മുടക്കിയ ആളാ. തന്നെയുമല്ല വട്ടശ്ശേരിയെ തെരഞ്ഞെടുത്തു ഭരണം കൊടുത്തു നമ്മളെ മുടിച്ചതും അദ്ദേഹമാണ്.

കൊച്ചൻ: എന്നാൽ ഇതു ഞാൻ ഇന്നു തന്നെ കേഫാക്കാരെ അറിയിക്കും.

അച്ചൻ: അതു വേണ്ട. യാക്കോബ് തൃതീയൻ തോമ്മാശ്ലീഹാ കപ്പിയാരാണെന്നും പട്ടമില്ലെന്നും പറഞ്ഞില്ലേ. പക്ഷേ, സക്കാ ബാവാ അദ്ദേഹത്തെ ഇന്ത്യയുടെ അപ്പോസ്തോലനാക്കി, പത്രോസ് പൗലൂസിന് ഒപ്പമാക്കി, തുബ്ദേനിൽ കയറ്റിയില്ലേ. നമ്മുടെ ശ്രേഷ്ഠബാവാ സിംഹാസനം ചുമന്ന് സിറിയയിലെത്തിച്ചില്ലേ.

കൊച്ചൻ: ശരിയാ. പരുമല തിരുമേനിയെ കാതോലിക്കാ വിഭാഗം പരിശുദ്ധനായി പ്രഖ്യാപിച്ച് പള്ളികൾ സ്ഥാപിച്ച് അവർ വളരുന്നതു കണ്ടപ്പം 1987-ൽ നമ്മളും പരുമല തിരുമേനിയെ പരിശുദ്ധനായി അംഗീകരിച്ചില്ലേ അച്ചാ.

അച്ചൻ: എടാ ഈയിടെയാണെങ്കിലും വട്ടശ്ശേരി തിരുമേനിയെ പരിശുദ്ധനാക്കിയപ്പോൾ നമ്മുടെ ഏബ്രഹാം സേവേറിയോസ് പോയി. തിരിച്ചുവന്നു നമ്മൾ സ്വീകരിച്ചു. കുറച്ചുകാലം കഴിയുമ്പോൾ പരുമല തിരുമേനിയെ പരിശുദ്ധനായി നമ്മൾ അംഗീകരിച്ച പോലെ അദ്ദേഹത്തിന്റെ ശിഷ്യപ്രമുഖനായ വട്ടശ്ശേരി തിരുമേനിയേയും, ഗീവർഗ്ഗീസ് ദ്വിതീയനേയും നമ്മളും പരിശുദ്ധന്മാരാക്കും.

കൊച്ചൻ: അതും ശരിയാ. കാതോലിക്കാ വേണ്ടാ ഭരണഘടന വേണ്ടാ എന്നെല്ലാം പറഞ്ഞ നമ്മുക്ക് കാതോലിക്കാ ഉണ്ട്, ഭരണഘടനയുണ്ട്.

അച്ചൻ: പുലിക്കോട്ടിൽ തിരുമേനി, പരുമല, വട്ടശ്ശേരി, കല്ലാശ്ശേരി തിരുമേനിമാർ ചെറുപ്പത്തിലെ സഭാഭരണം ഏറ്റു. അവർ നന്നായി സഭയെ ഭരിച്ചു. അതു മനസ്സിലാക്കിയാ നമ്മളും ചെറുപ്പക്കാരെ സ്ഥാനങ്ങളിൽ എത്തിക്കുന്നത്.

കൊച്ചൻ: ഓർത്തഡോക്സുകാർ ഓർമ്മകെടുന്ന പ്രായമാകുമ്പോഴാ കാതോലിക്കായും മെത്രാനും ഒക്കെ ആകാൻ ആവേശം കാട്ടുക അല്ലേ അച്ചാ.

അച്ചൻ: അവരുടെ മെത്രാന്മാരു മാത്രമല്ല അത്മായ പ്രമാണികളും ദേവലോകത്തെ ജീവനക്കാരും എല്ലാം ചെവിയും കണ്ണും എല്ലാം നഷ്ടപ്പെട്ടവരാ. അവർക്ക് ഒരു ഇരിപ്പിടവും പേരും പത്തു പുത്തനും, കഞ്ഞിയും വേണം. വീടുകളിൽ പിള്ളേരല്ലേ ഭരണം. പിന്നെ ഒന്നിരിക്കാൻ ദേവലോകത്തല്ലേ പറ്റൂ.

ഈ വയസ്സൻ ക്ലബ്ബിനെ ഇപ്പോഴത്തെ ബാവാ ശ്രദ്ധിക്കുന്നുണ്ട്. അതുകാര ണം ദേവലോകത്തെ ഉപജാപക സംഘത്തി ന് ബാവായോട് അല്പം നീരസം ഉണ്ടെന്നാ പിന്നാമ്പുറം.

കൊച്ചൻ: പണ്ട് മാത്യൂസ് രണ്ടാമൻ ബാവയെ കൊണ്ട് പാത്രിയർക്കീസു ബാവയെ വരുത്താനുള്ള എൻ. ഒ. സി. ഈസിയായി ഉണ്ടാക്കിയില്ലേ. തോമ്മാശ്ലീഹായുടെ സിംഹാസനം ഇല്ലാതെ കല്പന എഴുതിയില്ലേ. അതൊക്കെ ഈ വയസ്സന്മാരുടെ ഭരണനേട്ടമാ.

അച്ചൻ: മാത്യൂസ് ദ്വിതീയൻ സ്ഥാനം ഒഴിയാൻ സമ്മതിക്കാഞ്ഞതും രാത്രിയിൽ ആലുവയിലെ ചില അച്ചന്മാർ എന്തോ രേഖയിൽ ഒപ്പിടിക്കാനും ചെന്നിരുന്നതും വയസ്സന്മാരുടെ കളിയായിരുന്നു. പക്ഷെ നടന്നില്ല. എന്നാലും തൃക്കുന്നത്തു സെമിനാരി നമുക്കു തരാം എന്നു പറഞ്ഞ അച്ചൻ വീണ്ടും ഉള്ളിൽ കയറിയിട്ടുള്ളതു നമുക്ക് ഗുണം ചെയ്യും.

കൊച്ചൻ: ഇപ്പോഴത്തെ ബാവായുടെ അടുത്ത് ഗവൺമെന്റ് ഗുലുമാല് ഒപ്പീടിക്കാൻ ഒരു റമ്പാച്ചൻ ശ്രമിച്ചതായും കേട്ടു.

അച്ചൻ: നീ ചുമ്മാതെ ഇതെല്ലാം വിളിച്ചു പറയരുത്. ഇപ്പോഴത്തെ ബാവാ എല്ലാം നേരെയാക്കും എന്ന പ്രതീക്ഷയിലാ ഓർത്തഡോക്സുകാർ. പക്ഷേ അല്ല! നമ്മുടെ അഭ്യുദയകാംക്ഷികളായ പല പ്രമുഖരുമാണ് കാര്യം നിയന്ത്രിക്കുന്നത്.

എനിക്ക് കൊച്ചു മെത്രാന്മാരുടെ സ്വീകരണത്തിനു പോകണം. നാളെ ഒരു പള്ളിയിൽ ഓടിളക്കി കയറണം. എൽ. ഡി. എഫ്. വന്നിട്ട് ഇതുവരെ ഒരു ആക്ഷനും നടത്തിയില്ല.

# അവിടുത്തെ മജലീസും ഇവിടുത്തെ മജലീസും

*(ഒന്നാം പേജിൽ നിന്നും)*

ത്രിയർക്കീസ് പരിശോധിച്ച സാഹചര്യത്തിൽ തന്ത്രപൂർവം എന്നു തന്നെ വിശേഷിപ്പിക്കേണ്ടിയിരിക്കുന്നു.

മലങ്കരയിലെ *മജ്‌ലീസ്* (പ്രതിനിധി സഭ) അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയാണ്. പാത്രിയർക്കീസ് ഒപ്പും മുദ്രയും വെച്ചംഗീകരിച്ച ഈ കാനോനാ മൂലം പാത്രിയർക്കീസിനെ തിരഞ്ഞെടുക്കാൻ തുർക്കിയിലെ തത്തുല്യ സംവിധാനത്തിന് (അങ്ങനെയൊന്നുണ്ടെങ്കിൽ) ഉള്ള അവകാശം മാനേജിംഗ് കമ്മറ്റിക്കുമുണ്ട്. അല്ലെങ്കിൽ തുർക്കിയിൽ വാഴിക്കപ്പെടുന്ന പാത്രിയർക്കീസിന് മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനാപ്രകാരമുള്ള അധികാരം മലങ്കരയിൽ പ്രയോഗിക്കണമെങ്കിൽ അതിനുമുമ്പ് പാത്രിയർക്കീസിനെ മാനേജിംഗ് കമ്മറ്റി അംഗീകരിക്കണം. ഇപ്രകാരം അംഗീകാരം ലഭിക്കാത്ത പാത്രിയർക്കീസിനു മലങ്കരസഭ മേൽ കാനോനിക പാത്രിയർക്കീസിനുള്ള യാതൊരു അധികാരവും ഉണ്ടായിരിക്കുന്നതല്ല. ഇക്കാര്യം പ. മാർ ദീവന്നാസ്യോസ് ആറാമൻ, അപ്രേം പ്രഥമൻ പാത്രിയർക്കീസിന്റെ വാഴ്ചക്കാലത്ത് രേഖാ മൂലം വ്യക്തമാക്കിയിട്ടുള്ളതാണ്. സ്വാഭാവികമായും അംഗീകാരം നൽകാൻ അവകാശമുള്ള മജലീസിന് അതു പിൻവലിക്കാനുമുള്ള അവകാശമുണ്ട്. ഈയൊരൊറ്റ കാനോനായിലൂടെ മാർ ദീവന്നാസ്യോസ് പാത്രിയർക്കീസിനെ മാനേജിംഗ് കമ്മിറ്റിയുടെ വരുതിയിലാക്കി എന്ന സത്യം അന്നു തിരിച്ചറിഞ്ഞിരുന്നെങ്കിൽ തീർച്ചയായും പത്രോസ് പാത്രിയർക്കീസ് ഈ കാനോനാ സ്ഥിരപ്പെടുത്തുകയില്ലായിരുന്നു.

1873-ലെ പരുമല കാനോനാ, മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയെ ജീവിത കാലത്തു തന്നെ തിരഞ്ഞെടുത്തു വാഴിക്കണമെന്നു നിഷ്കർഷിച്ചിരുന്നു. എല്ലാക്കാലത്തും പാത്രിയർക്കീസുമാർ എതിർത്തുപോന്നിരുന്ന ഈ നടപടി, ആ എതിർപ്പ് ഒഴിവാക്കാനാവണം, മുളന്തുരുത്തി കാനോനായിൽ ചേർത്തില്ല. പക്ഷേ തന്റെ ജീവിത കാലത്തു തന്നെ പിൻഗാമിയെ തിരഞ്ഞെടുത്ത്, മേല്പട്ട സ്ഥാനത്തെത്തിക്കുന്നതിൽ മാർ ദീവന്നാസ്യോസ് പഞ്ചമൻ വിജയിച്ചു.

പാത്രിയർക്കാ തിരഞ്ഞെടുപ്പിന് ഒന്നര വോട്ടു കൊണ്ട് തൃപ്തരാകുന്ന മലങ്കരയിലെ വിഘടിത വിഭാഗത്തിന് *തുല്യ അധികാരവും അവകാശവും* എന്ന കാനോനാ അജ്ഞമാണ്. ശീമക്കാർ വാഴിക്കുന്ന പാത്രിയർക്കീസിനെ അംഗീകരിക്കാതിരിക്കാനുള്ള സ്വാതന്ത്ര്യം മലങ്കരസഭയ്ക്ക് ഈ കാനോനാ പ്രദാനം ചെയ്യുന്നു.

ചുരുക്കത്തിൽ മലങ്കരസഭാ സ്വാതന്ത്ര്യത്തിനുള്ള ആണിക്കല്ല് ഈ കാനോനായിൽ ഒളിഞ്ഞു കിടപ്പുണ്ട്. 1934- ലെ ഭരണഘടന അംഗീകരിക്കാത്തവർക്കു പോലും ഇതിനുനേരെ കണ്ണടയ്ക്കാനാവില്ല. ❑

# പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളുകൾ അർത്ഥവത്താകണം

**മാത്യൂസ് തൈപ്പറമ്പൻ**

"നാം ദൈവസുതന്മാരായിടുവാൻ ആയുഷ്ക്കാലേ പഠിപ്പിച്ച താതന്മാരെ ഓർക്കേണം പ്രാർത്ഥന കുർബാനകളിൽ നാം" എന്ന് എല്ലാ വിശുദ്ധ കുർബാനകളുടെയും അവസാനഭാഗത്ത് ചൊല്ലാറുണ്ടെങ്കിലും ആ പുണ്യപിതാക്കന്മാരെ എത്രപേർ നന്ദിയോടെ സ്മരിക്കാറുണ്ടെന്നുള്ളത് ചിന്താർഹമാണ്. അവർ അന്ത്യവിശ്രമം കൊള്ളുന്ന ദേവാലയങ്ങളിൽ പോയി ഓർമ്മപ്പെരുന്നാളുകളിൽ സംബന്ധിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് കാണുന്നത്. ഇക്കാര്യത്തിൽ മറ്റു സഭകൾ നമ്മെ ബഹുദൂരം പിന്നിലാക്കുന്നുണ്ട്. ഈ സഭയിൽനിന്ന് ഭിന്നിച്ചു നില്ക്കുന്ന വിഭാഗത്തിലെ മേല്പട്ടക്കാരുടെ ഓർമ്മദിനത്തിൽ തടിച്ചുകൂടുന്ന വിശ്വാസികളുടെ ബാഹുല്യവും അവർക്ക് മേല്പട്ടക്കാരും പട്ടക്കാരും നൽകുന്ന നേതൃത്വവും നമ്മുടെ കണ്ണുകൾ തുറപ്പിക്കേണ്ടതാണ്.

മലങ്കരസഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യം, പൗരാണികമായ മാർത്തോമ്മാ നസ്രാണി പൈതൃകം, കറയറ്റ വിശ്വാസം തുടങ്ങിയ മൂല്യങ്ങൾ കാത്തു സംരക്ഷിക്കുന്നതിനുവേണ്ടി തങ്ങളുടെ ജീവിതകാലം മുഴുവൻ അടർക്കളത്തിൽ അടരാടിയ നമ്മുടെ വിശുദ്ധ പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളുകളുടെ ആചരണം അവരോട് ഒട്ടും നീതിപുലർത്തുന്ന രീതിയിലല്ല എന്നു പറയുവാൻ മടിയ്ക്കുന്നില്ല. സഭാകലണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളതുപോലെ അതാത് ഓർമ്മദിനങ്ങളിൽ ഒരാചാരം പോലെ, അനുഷ്ഠാനം പോലെ ചടങ്ങു നടത്തിപ്പിരിയുക എന്ന പതിവു ശൈലി മാറ്റിയേ തീരൂ. ചുരുങ്ങിയ പക്ഷം മലങ്കര മെത്രാപ്പോലീത്താ (കാതോലിക്കാ ബാവാ) മാരുടെ ഓർമ്മപ്പെരുന്നാളുകൾ എങ്കിലും സഭയുടെ പൊതു പെരുന്നാളുകളായും അവർ അന്ത്യവിശ്രമം കൊള്ളുന്ന ദേവാലയങ്ങൾ സഭയുടെ പൊതു തീർത്ഥാടന കേന്ദ്രങ്ങളായും പരിശുദ്ധ സഭ ഔദ്യോഗികമായി പ്രഖ്യാപിക്കുകയും, ആ ദേവാലയങ്ങളും കബറിടങ്ങളും സഭ സംരക്ഷിക്കുകയും വി. പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളുകൾക്കും മറ്റും ആവശ്യമായ തുക സഭയുടെ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്യുക എന്നതാണ് ഇതിനുള്ള പ്രഥമ നടപടി. പെരുന്നാൾ ചടങ്ങുകൾക്ക് ഒരുമാസം മുമ്പെങ്കിലും അവരുടെ കബറിടങ്ങൾ സ്ഥിതി ചെയ്യുന്ന ഭദ്രാസനങ്ങളിലെ മെത്രാപ്പോലീത്താമാരുടെ നേതൃത്വത്തിൽ ഭദ്രാസന - ഇടവക പ്രതിനിധികൾ, ഭക്ത സംഘടനാ പ്രവർത്തകർ തുടങ്ങിയവരെ ഉൾക്കൊള്ളിച്ച് വിപുലമായ വിവിധ കമ്മറ്റികൾക്ക് രൂപം നൽകുകയും ചിട്ടയായി പ്രവർത്തനങ്ങൾ നടത്തുകയും വിവിധ മാധ്യമങ്ങളിലൂടെ ആവശ്യമായ പ്രചരണം സംഘടിപ്പിക്കുകയും ചെയ്താൽ സഭാപിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളുകളിൽ സംബന്ധിയ്ക്കുന്ന വിശ്വാസി സമൂഹത്തിന്റെ സംഖ്യ അഭൂതപൂർവ്വമായി വർദ്ധിക്കുമെന്നുള്ളതിന് സംശയമില്ല.

ഓർമ്മപ്പെരുന്നാളുകളോടനുബന്ധിച്ച് ആ പിതാക്കന്മാരുടെ ജീവിത ദർശനവും സഭയുടെ വളർച്ചയിൽ അവർ വഹിച്ച നിസ്തുലമായ സംഭാവന കളും സംബന്ധിച്ച അനുസ്മരണ പ്രഭാഷണ പരമ്പരയും പഠന ക്ലാസ്സുകളും നടത്തിയാൽ അവരെക്കുറിച്ച് പുതിയ തലമുറയ്ക്ക് അറി വും ആ കാലടികൾ പിന്തുടരുവാനുള്ള പ്രചോദനവുമാകും എന്നുകൂടി അഭിപ്രായപ്പെട്ടുകൊള്ളട്ടെ.

> "എഴുത്ത് കിട്ടിയതിന്റെ ശേഷം പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തെക്കുനിന്നും തിരുമുമ്പാകെ (പത്രോസ് പാത്രിയർക്കീസ്) വന്നു. ഇതുവരെ തിരുമുമ്പാകെ വരാതെ ഇരുന്നതിനെക്കുറിച്ചും മറ്റും ഇനി മേലിൽ നിന്നെ കാണുന്നതിന് മനസ്സില്ല എന്നും മറ്റും അതികോപമായി കല്പിച്ചു എങ്കിലും ശേഷം മെത്രാന്മാർ റെജിസ്റ്റർ ചെയ്തതുപോലെ രജിസ്റ്റർ ചെയ്തു തരണമെന്നും അപ്രകാരം ചെയ്തു തരുന്നപക്ഷം ഇനി കണ്ടനാടും കൊച്ചി, കൊല്ലം ഇങ്ങനെ മൂന്ന് ഇടവക ഉണ്ടെന്നും ഇതിൽ ഏതെങ്കിലും അദ്ദേഹത്തിന് ഉറപ്പിച്ചുകൊടുക്കാമെന്നും ആയത് അല്ലാത്തപക്ഷം ഇടവകയും മറ്റും കൊടുക്കുന്നതല്ലെന്നും മറ്റും ഉറപ്പായി കല്പിച്ചു.... കല്പനപ്രകാരം രജിസ്റ്റർ ചെയ്യാൻ സമ്മതിച്ചില്ല. ഒന്നു രണ്ടു ദിവസം അവിടെ താമസിച്ചാറെ പിതാവിന് നല്ല ഇഷ്ടവും സന്തോഷവും ഇല്ലാത്തതിനാൽ കുന്നംകുളം പള്ളിയിൽ പോയി താമസിച്ചു...."
>
> **(കൊച്ചി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയിരുന്ന കരവട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് രചിച്ച നാളാഗമത്തിൽ നിന്നും)**

**അൽമായവേദി**

**വാർഷിക വരിസംഖ്യ:**

**100 രൂപ (ഇന്ത്യയിൽ)**

**വിലാസം:**

**ALMAYA VEDI, Post Box No. 652, Kottayam - 686 001**

സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.

Almayavedi: Printed and Published by K. V.Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi, PB No. 652, Kottayam - 686001, printed at Sophia Print House, Surya Guest Line, Thekkenada, Kottayam and published from Kottayam. Editor: Philipose Pottakkavayalil Ph: 0481 - 2463138